## 15 -ാം കേരള നിയമസഭ

## 7 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 951** | **07-12-2022 - ൽ മറുപടിയ്ക്ക്**

## പട്ടികജാതി, പട്ടികവർഗ്ഗ സമൂഹം അനുഭവിക്കുന്ന പ്രശ്നങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സ്ഥിര വരുമാനമുള്ള തൊഴിൽ ഇല്ലാത്തതുകാരണം പട്ടികജാതി, പട്ടികവർഗ്ഗ സമൂഹം അനുഭവിക്കുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് പ്രത്യേകമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ? | (എ) | ഉണ്ട്. സ്ഥിരവരുമാനമുള്ള തൊഴിൽ ഇല്ലായ്മ എല്ലാ ജനവിഭാഗങ്ങളിലും പോലെതന്നെ പട്ടിക വിഭാഗക്കാർക്കിടയിലും പ്രശ്നങ്ങൾ സൃഷ്ടിക്കാറുണ്ട്. ആയത് പരിഹരിക്കുന്നതിനായി വകുപ്പ് നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.<br><br>പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവ സംരംഭകർക്ക് സംരംഭകത്വ പരിശീലനം നൽകി സ്റ്റാർട്ടപ്പ് ഇൻകുബേഷൻ, മെൻറർഷിപ്പ്, സപ്പോർട്ട് എന്നീ സേവനങ്ങൾ ലഭ്യമാക്കി scalable Business ഉള്ള സംരംഭങ്ങളായി മാറ്റിയെടുക്കുന്നതിന് ഉതകുന്ന പദ്ധതിയാണ് സ്റ്റാർട്ടപ്പ് അപ്പ് ഡ്രീംസ്. ഇതിന്റെ നടത്തിപ്പ് ചുമതല കേരള സർക്കാരിന്റെ നോഡൽ ഏജൻസിയായ കേരള സ്റ്റാർട്ടപ്പ് മിഷനാണ്. കേരള സ്റ്റാർട്ടപ്പ് മിഷനിലൂടെ സംസ്ഥാന സർക്കാർ നൽകി വരുന്ന യുവസംരംഭകത്വ പദ്ധതിയുടെ എല്ലാ ആനുകൂല്യങ്ങളും സ്റ്റാർട്ടപ്പ് അപ്പ് ഡ്രീംസ് പദ്ധതിയുടെ ഭാഗമാകുന്നവർക്കും ലഭ്യമാണ്. പർച്ചേസ്/വർക്ക് ഓർഡറുകൾക്ക് വിധേയമായി അതിവേഗ സീഡ്ഫണ്ട് വനിതാ സംരംഭകർക്കായി യുവസംരംഭകത്വ പദ്ധതിയുടെ ഭാഗമായി നിലവിലുണ്ട്. ഈ ആനുകൂല്യം സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതിയിലെ വനിതാ സംരംഭകർക്ക് ലഭ്യമാണ്.<br><br>പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉയർന്ന വിദ്യാഭ്യാസ യോഗ്യത ഉള്ളതും അല്ലാത്തവരുമായ തൊഴിൽരഹിതരായവർക്ക് വിവിധ മേഖലകളിൽ തൊഴിൽ ഉറപ്പാക്കുന്നതിന് വകുപ്പ് നൈപുണ്യ പരിശീലന പരിപാടികൾ നടപ്പിലാക്കിവരുന്നുണ്ട്. വിവര സാങ്കേതികം, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, ഓട്ടോമൊബൈൽ, ഹോട്ടൽ മാനേജ്മെന്റ്, ഏവിയേഷൻ തുടങ്ങിയ വിവിധ മേഖലകളിൽ തൊഴിൽ ലഭിക്കുന്നതിന് ഉതകുന്ന പരിശീലനങ്ങൾ |

| | | | |
|---|---|---|---|
| | | | നൽകുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇത്തരം നൈപുണ്യ വികസന പരിപാടികൾ വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പരിശീലന സ്ഥാപനങ്ങളുമായി ചേർന്ന് വിവിധ വ്യവസായ മേഖലകളിൽ പ്ലേസ്മെന്റും പദ്ധതി പ്രകാരം ഉറപ്പാക്കുന്നുണ്ട്.<br><br>വിദ്യാഭ്യാസമായി പിന്നോക്കം നിൽക്കുന്ന പട്ടികവർഗ്ഗയുവതിയുവാക്കളെ കണ്ടെത്തി അവർക്ക് അവരുടെ സങ്കേതത്തിന് സമീപം തന്നെ പ്രത്യേക തൊഴിൽ പരിശീലനം നൽകുകയും സംഘടിത തൊഴിൽ മേഖലയായ നിർമ്മാണ പ്രവർത്തന മേഖലകളിൽ ജോലി ലഭിക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. പട്ടികവർഗ്ഗസങ്കേതങ്ങളിൽ വിദ്യാഭ്യാസം പൂർത്തീകരിക്കാൻ സാധിക്കാത്തവർക്ക് തുടർ വിദ്യാഭ്യാസ പരിപാടിയും നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ യുവതീ യുവാക്കളെ ഒരേ സമയം തൊഴിൽദാതാക്കളും തൊഴിൽസംരംഭകരായും മാറ്റുന്നതിന് എംപവർമെന്റ് സൊസൈറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ